शिक्षा का अधिकार

सर्व शिक्षा अभियान
सब पढ़ें सब बढ़ें

# ഒന്നാം പാദവാർഷിക മൂല്യനിർണയം 2015-2016

ക്ലാസ്സ് : V | സാമൂഹ്യശാസ്ത്രം | സമയം : 2 മണിക്കൂർ

നിർദ്ദേശങ്ങൾ

1. എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം.
2. ആദ്യത്തെ 15 മിനിട്ട് സമാശ്വാസ സമയം ആണ്. ഈ സമയത്ത് ചോദ്യങ്ങൾ നന്നായി വായിച്ച് മനസ്സിലാക്കണം.

ചോദ്യം 1

സാധാരണയായി ജനനം മുതൽ മരണം വരെ കുടുംബത്തിൽ ജീവിക്കുകയും കുടുംബം നമ്മെ സ്വാധീനിക്കുകയും ചെയ്യുന്നു. നമ്മുടെ വളർച്ചയിലും പെരുമാറ്റത്തിലും കുടുംബത്തിനുള്ള പങ്ക് വലുതാണ്.

എ. കുടുംബം രൂപപ്പെടുന്നത് എങ്ങനെയാണ്? (3)

ബി. താഴെകാണുന്ന ഫ്ളോചാർട്ട് പൂർത്തിയാക്കുക (2)

സമൂഹത്തിന്റെ ഘടന

[ ]
↓
[ കുടുംബം ]
↓
[ ]
↓
[ സമൂഹം ]

ചോദ്യം 2

(എ) ഒരു നൂറ്റാണ്ട് എന്നാൽ നൂറു വർഷമാണ്. താഴെ തന്നിരിക്കുന്ന വർഷങ്ങളും സംഭവങ്ങളും ഏത് നൂറ്റാണ്ടിലാണെന്ന് കണ്ടെത്തി പട്ടിക പൂർത്തിയാക്കുക. (3)

| വർഷം | സംഭവം | നൂറ്റാണ്ട് |
|---|---|---|
| AD 1956 | കേരളസംസ്ഥാന രൂപീകരണം | |
| BC 563 | ശ്രീബുദ്ധന്റെ ജനനം | |
| AD 1600 | ഇംഗ്ലീഷ് ഈസ്റ്റിന്ത്യാ കമ്പനി സ്ഥാപിച്ചു | |

ബി. എ.ഡി (സി.ഇ), ബി.സി (ബി.സി.ഇ) എന്നിവ തമ്മിലുള്ള വ്യത്യാസമെന്ത്? (2)

ചോദ്യം 3

**മെച്ചപ്പെട്ട കുടുംബ ജീവിതം നിലനിർത്തുന്നതിന് സാമ്പത്തിക സുരക്ഷിതത്വം അനിവാര്യമാണ്.**

എ. വരുമാനസ്രോതസ്സ് എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്താണ്? (2)

ബി. വരുമാനസ്രോതസ്സുകളേവ? (3)

ചോദ്യം 4

എ. പ്രാചീന ശിലായുഗം , നവീന ശിലായുഗം, താമ്രശിലായുഗം എന്നീ കാലഘട്ടങ്ങളിൽ ഉപയോഗിച്ചിരുന്ന ആയുധങ്ങളുടെയും ഉപകരണങ്ങളുടെയും സവിശേഷതകൾ എന്തെല്ലാം? (3)

| ക്രമ നമ്പർ | കാലഘട്ടം | ആയുധങ്ങളുടെയും ഉപകരണങ്ങളുടെയും സവിശേഷതകൾ |
|---|---|---|
| 1 | പ്രാചീന ശിലായുഗം | |
| 2 | നവീന ശിലായുഗം | |
| 3 | താമ്രശിലായുഗം | |

ബി. ആദിമ മനുഷ്യന്റെ ജീവിതത്തെ തീയുടെ കണ്ടുപിടിത്തം എങ്ങനെയെല്ലാം സ്വാധീനിച്ചു.? (2)

ചോദ്യം 5

**നിങ്ങളുടെ വിദ്യാലയത്തിനൊരു ചരിത്രമുണ്ട്. അതുപോലെ കുടുംബം, ഗ്രാമം, രാജ്യം എന്നിവക്കെല്ലാം ചരിത്രമുണ്ട്.**

എ. ചരിത്രം എന്നാലെന്ത്? (1)

ബി. ചരിത്രശേഷിപ്പുകൾ സംരക്ഷിക്കപ്പെടേണ്ടതിന്റെ ആവശ്യകതയെന്ത്? (2)

സി. നിങ്ങളുടെ വിദ്യാലയത്തിലെ ചരിത്ര മ്യൂസിയത്തിൽ സൂക്ഷിക്കാനായി എതെങ്കിലും രണ്ട് ചരിത്ര ശേഷിപ്പുകളുടെ പേര് നിർദ്ദേശിക്കുക. (2)

ചോദ്യം 6

**വെങ്കലയുഗത്തിലാണ് നദീതടസംസ്കാരങ്ങൾ വികാസം പ്രാപിച്ചത്.**

എ. 'സിഗുറാത്തുകൾ' ഏത് സംസ്കാരത്തിന്റെ, ശേഷിപ്പുകളാണ്? (1)

ബി. ഈജിപ്ഷ്യൻ സംസ്ക്കാരത്തിൽ രൂപപ്പെട്ട ലിപിയേത്? (1)

സി. ഹാരപ്പൻ സംസ്ക്കാരത്തിന്റെ സവിശേഷതകൾ ഉൾപ്പെടുത്തി ഒരു കുറിപ്പ് തയ്യാറാക്കുക? (3)